ഓരിക്കടവ് പാലത്തിന്റെ പ്രവൃത്തി പുനരാരംഭിക്കാൻ നടപടി

95 [711] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ നിർദ്ദിഷ്ട ഓരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) മുടങ്ങിക്കിടക്കുന്ന ഈ പ്രവൃത്തി പുനരാരംഭിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) പാലത്തിന്റെ ഒരു അബട്ട്മെന്റിന്റേയും 2 പിയറുകളുടേയും പണികൾ പൂർത്തിയായിട്ടുണ്ട്. ഏകദേശം 20 ശതമാനം പണികൾ മാത്രമാണ് പൂർത്തിയായത്.

(ബി) 44 ശതമാനം below-യിൽ എടുത്തിട്ടുള്ള പാലത്തിന്റെ പണി 2000 ഡിസംബർ 20-ന് ആണ് എഗ്രിമെന്റ് വെച്ചത്. Extended time of completion അനുസരിച്ച് മേയ് 2004-ൽ പണി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ സാധരണയിൽ കൂടുതൽ ഈ പണിയിൽ കാലതാമസം നേരിട്ടിട്ടുള്ളതുകൊണ്ട് ഇപ്പോഴുള്ള കരാർ റദ്ദ് ചെയ്ത് മറ്റൊരു കരാറുകാരനെക്കൊണ്ട് പണി ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഫറോക്ക്-കടലുണ്ടി റോഡിലെ കല്ലംപാറ പാലത്തിന്റെ അറ്റകുറ്റപ്പണികൾ

96 [712] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിലെ കല്ലംപാറ പാലം പുതുക്കി പണിയണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ ആവശ്യത്തിന്മേൽ ഇതേവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) പാലം പുതുക്കി പണിയുന്നതിന് എന്തു തുക വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; എന്തു തുക ഇതിലേക്കായി അനുവദിച്ചു;

(ഡി) ഇല്ലെങ്കിൽ ആവശ്യമായ തുക വകയിരുത്തി പാലം പുതുക്കി പണിയാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly